# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3752 26-6-2012 ന് മറുപടിയ്ക്ക്

### നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) പാട്ടക്കരാർ ലംഘിച്ച നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ; | (എ) നെല്ലിയാമ്പതി മേഖലയിലെ പാട്ടക്കരാർ ലംഘിച്ച 6 എസ്റ്റേറ്റുകൾ (ബിയാട്രിക്സ്, മീരാഫ്ളോറ്സ് 5 എണ്ണം) തിരിച്ച് എടുത്ത് വനംവകുപ്പ് സംരക്ഷിച്ചുവരുന്നുണ്ട്. പാട്ടക്കരാർ ലംഘിച്ച രാജാക്കാട്, മോങ്ക്വുഡ് , ചെറുനെല്ലി എന്നീ മൂന്ന് എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്തുവെങ്കിലും കോടതി നിർദേശം നിലവിലുള്ളതിനാൽ ഏറ്റെടുത്തിട്ടില്ല. പാട്ടക്കരാർ ലംഘിച്ച മറ്റ് എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദാക്കുന്നതിനുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

(ബി) നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനെതിരെ ആരെല്ലാമാണ് നിവേദനം നൽകിയത്; അതിൽ മന്ത്രി പദവിയിലുള്ള ആരെങ്കിലും ഉണ്ടോ ; ഇതുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനങ്ങളുടെയും റിപ്പോർട്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനെതിരെ ശ്രീ.ബാബു, ബ്രൂക്ക് ലാന്റ് എസ്റ്റേറ്റ് 10.01.2012 നും നെല്ലിയാമ്പതിയിലെ ചെറുനെല്ലി പ്രദേശത്തെ പത്ത് കർഷകർ (എബ്രഹാം കുരുവിള മുതൽ പേർ) 20/1/2012 നും ബഹു: നിയമസഭ പെറ്റീഷൻസ് കമ്മിറ്റി മുമ്പാകെ നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പാട്ടഭൂമിയിലെ തോട്ടങ്ങൾ സംരക്ഷിക്കുവാനും നിലനിർത്തുവാനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്നും 01..10..2010 ലെ ജി.ഓ(എം.എസ്.) 146/10/ തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് നടപ്പിലാക്കുവാനും എസ്റ്റേറ്റ് ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുവാനും വനംവകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ട് ബഹു: ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി സി.ജോർജ്ജ്, ബഹു. വനം സ്പോർട്സ് & സിനിമ വകുപ്പ് മന്ത്രിക്ക് 17.01.2012 ന് ഇതുമായി ബന്ധപ്പെട്ട് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(സി) രാജാക്കാട്, മാങ്കോട്, ചെറുനെല്ലി എസ്റ്റേറ്റുകൾ പാട്ടക്കരാർ ലംഘിക്കുകയും

(സി) പാട്ടക്കരാർ ലംഘിച്ച് അനധികൃതമായി മരങ്ങളുടെ തൊലിചെത്തൽ,

| | | | |
|---|---|---|---|
| | എസ്റ്റേറ്റ് മറിച്ചു വിൽക്കുകയും ചെയ്തതി നെതിരെ മുൻസർക്കാർ കേസെടുത്തിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ; | | മരം മുറി, അനധികൃത തണൽ ക്രമീകരണം എന്നിവ നടത്തിയതി നാൽ ചെറുനെല്ലി എസ്റ്റേറ്റ് ഉടമ കൾക്കെതിരെ മുൻ സർക്കാരിന്റെ കാലത്ത് 4 ഒ. ആർ. കേസുകൾ നെല്ലിയാമ്പതി ഫോറസ്റ്റ് റെയിഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ഒ. ആർ.4/07, 5/07, 4/10,5/10). |
| (ഡി) | ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | മേൽ കേസുകൾ ബഹു: ആലത്തൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻഓഫീസർ.